**"CORRUPTION, A CRIME AGAINST NATION"**

**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
**E-mail:vig.vacb@kerala.gov.in**
**ഫോൺ നം. 0471-2305393**
**തീയതി 30.05.2024**

# "മാവേലി സ്റ്റോർ അസിസ്റ്റന്റ് സെയിൽസ്മാനെ കഠിന തടവിന് ശിക്ഷിച്ചു."

പത്തനംതിട്ട സീതത്തോട് മാവേലി സ്റ്റോറിലെ അസിസ്റ്റന്റ് സെയിൽസ്മാനും മാവേലി സ്റ്റോറിന്റെ ചുമതലയുണ്ടായിരുന്ന ജി. തുളസീധരനെ മാവേലി സ്റ്റോറിൽ ക്രമക്കേട് നടത്തിയതിന് തിരുവനന്തപുരം വിജിലൻസ് കോടതി 12 വർഷം കഠിനതടവിനും 5,68,000/- രൂപ പിഴ ഒടുക്കുന്നതിനും ശിക്ഷിച്ചു.

2007-2008 കാലഘട്ടത്തിൽ പത്തനംതിട്ട ജില്ലയിലെ സീതത്തോട് മാവേലി സ്റ്റോറിൽ അസിസ്റ്റൻറ് സെയിൽസ്മാനും മാവേലി സ്റ്റോറിന്റെ ചുമതല വഹിച്ചിരുന്ന ജി. തുളസീധരൻ മാവേലി സ്റ്റോറിൽ നിന്നും 5,68,000/- രൂപയുടെ ക്രമക്കേട് നടത്തിയതിന് പത്തനംതിട്ട വിജിലൻസ് യൂണിറ്റ് രജിസ്റ്റർ ചെയ്ത്, അന്വേഷണം നടത്തി, കുറ്റപത്രം നൽകിയ കേസ്സിലാണ് തുളസീധരൻ കുറ്റക്കാരനാണെന്ന് തിരുവനന്തപുരം വിജിലൻസ് കോടതി കണ്ടെത്തി വിവിധ വകുപ്പുകളിലായി 3 വർഷം വീതം ആകെ 12 വർഷം കഠിനതടവും 5,68,000/-രൂപ പിഴയൊടുക്കുന്നതിനും ശിക്ഷിച്ചത്. ശിക്ഷ ഒന്നിച്ച് അനുഭവിച്ചാൽ മതി എന്ന് വിധി ന്യായത്തിൽ പറയുന്നു. പത്തനംതിട്ട വിജിലൻസ് ഡി.വൈ.എസ്.പി യായിരുന്ന ശ്രീ. ബേബി ചാൾസ് രജിസ്റ്റർ ചെയ്ത കേസ്സിൽ ഡി.വൈ.എസ്.പി മാരായിരുന്ന ശ്രീ. പി. കെ ജഗദീഷ്, ശ്രീ. എം. എൻ രമേശ്, ശ്രീ. പി. ഡി രാധാകൃഷ്ണപിള്ള എന്നിവർ അന്വേഷണം നടത്തി ഡി.വൈ.എസ്.പി ആയിരുന്ന ശ്രീ. പി. ഡി രാധാകൃഷ്ണപിള്ള കുറ്റപത്രം സമർപ്പിച്ച കേസ്സിലാണ് പ്രതിയായ തുളസീധരൻ കുറ്റക്കാരനാണെന്ന് തിരുവനന്തപുരം വിജിലൻസ് കോടതി കണ്ടെത്തിയത്.

പ്രോസിക്യൂഷനുവേണ്ടി വിജിലൻസ് പബ്ലിക് പ്രോസിക്യൂട്ടർ ശ്രീമതി. വീണാ സതീശൻ ഹാജരായി.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറ്കടർ ശ്രീ. ടി. കെ . വിനോദ് കുമാർ. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.